

# ഫൈൻഡിങ് ഡോറി
## കണ്ടാലും മതിവരാത്ത സിനിമ

'ഫൈൻഡിങ് നിമോ' എന്ന ആനിമേഷൻ സിനിമയെകുറിച്ച് മലർവാടിയുടെ മുൻ ലക്കത്തിൽ കൂട്ടുകാർ വായിച്ചിരിക്കുമല്ലോ. ആ ചിത്രത്തിന്റെ തുടർച്ചയായ, അതിലും രസകരമായ 'ഫൈൻഡിങ് ഡോറി' എന്ന ചിത്രത്തെക്കുറിച്ച് അറിഞ്ഞോളൂ.

ദേവനന്ദ



ഫൈൻഡിങ് നിമോ എന്ന മുൻ ആനിമേഷൻ ചിത്രത്തിലെ പോലെ ഈ ചിത്രത്തിലും കുടുംബാംഗങ്ങൾ തമ്മിലും കൂട്ടുകാർ തമ്മിലുമുള്ള തീവ്ര ബന്ധമാണ് വിഷയം. നിമോയുടെ പിതാവായ മാർലിൻ എന്ന ക്ലൗൺ ഫിഷിന്റെ കൂട്ടുകാരിയായ ഡോറിയെ നിങ്ങൾ ഓർക്കുന്നില്ലേ?

ഇടവേളകളിൽ മറവി ബാധിക്കുന്ന ഡോറി 'ഫൈൻഡിങ് നിമോ'യിൽ കാട്ടിക്കൂട്ടിയ വികൃതികളും അബദ്ധങ്ങളും കണ്ട് പ്രേക്ഷകർ മതിമറന്ന് സന്തോഷിച്ചു. നിമോയെ കണ്ടെത്തുന്നതിൽ ഡോറി ചെറുതല്ലാത്ത പങ്കു വഹിച്ചിരുന്നു.

നിമോക്കും മാർലിനുമൊപ്പം ഒരു വർഷത്തോളം സന്തോഷത്തോടെ കഴിഞ്ഞുവരവെയാണ് ഡോറി തന്റെ മാതാപിതാക്കൾ ആരെന്ന കാര്യം ചിന്തിച്ചത്. തന്റെ അച്ഛനമ്മമാരെ തേടിയുള്ള ഡോറിയുടെ യാത്രയാണ് 'ഫൈൻഡിങ് ഡോറി' എന്ന ചിത്രത്തിന്റെ ഇതിവൃത്തം.





ലോക്സഭയുടെ ആദ്യ വനിതാ സ്പീക്കർ- മീരാകുമാർ




# 3-ഡി അനിമേഷൻ സിനിമ

ചിത്രത്തിന് ഇനിയും തുടർച്ചയുണ്ടാകുമെന്ന സൂചന നൽകിക്കൊണ്ടാണ് 'ഫൈൻഡിങ് ഡോറി' അവസാനിക്കുന്നത്. പരസ്പര സ്നേഹത്തിനും സഹകരണത്തിനും അതീവ പ്രാധാന്യം നൽകുന്ന ഈ ചിത്രത്തിന്റെ സംവിധായകൻ ആൻഡ്രു സ്റ്റാൻഡാണ്. പ്രശസ്തമായ പിക്സാർ ആനിമേഷൻ സ്റ്റുഡിയോ നിർമ്മാണം നിർവ്വഹിച്ച ഈ സിനിമ വാൾട്ട് ഡിസ്നി പിക്ചേഴ്സ് റിലീസ് ചെയ്തു. 3-ഡി ആനിമേഷൻ സിനിമയായ ഫൈൻഡിങ് ഡോറി ഒരു മികച്ച കോമഡി അഡ്വഞ്ചർ ചിത്രമാണെന്നതിൽ സംശയമില്ല.

**ഡോറിയുടെ യാത്ര...**

തന്റെ പഴയ കാലം ഓർത്തെടുക്കുവാൻ ഡോറി വളരെയേറെ ബുദ്ധിമുട്ടി. കാലിഫോർണിയയിലെ മോറോ ബേയിലാണ് തന്റെ കുടുംബം കഴിഞ്ഞിരുന്നതെന്ന് അവൾക്ക് ഓർക്കാനായി. ഡോറിയുടെ സാഹസിക യാത്രയിൽ നിമോയും മാർലിനും ഒപ്പം കൂടി. ക്രഷ് എന്നു പേരുള്ള കടലാമയുടെ സഹായത്താൽ മൂവർ സംഘം കാലിഫോർണിയയിലേക്കുള്ള ജലപാത കണ്ടെത്തി.



നിഷ്കളങ്കയായ ഡോറി അബദ്ധത്തിൽ, ഉറങ്ങിക്കിടക്കുകയായിരുന്ന ഒരു കടൽ ജീവിയെ ഉണർത്തി. അത് നിമോയെ ആക്രമിച്ചു. നിമോ കഷ്ടിച്ച് രക്ഷപ്പെട്ടു.

തങ്ങൾ അകപ്പെട്ട അപകടത്തിന് ഡോറിയാണ് കാരണക്കാരിയെന്ന് മാർലിൻ കുറ്റപ്പെടുത്തി. അവൾക്കത് സഹിക്കാവുന്നതിനും അപ്പുറത്തായിരുന്നു. വിഷണ്ണയായ ഡോറി സഹായം തേടി വെള്ളത്തിന്റെ ഉപരിതലത്തിലേക്ക് യാത്ര തിരിച്ചു.

അവിടെ ഡോറിയെ കാത്ത് മറ്റൊരു അപകടം പതിയിരിപ്പുണ്ടായിരുന്നു. പാവം ഡോറി, അവൾ മറൈൻ ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ കൈകളിലകപ്പെട്ടു. തടവിലാക്കപ്പെട്ട ഡോറി നല്ലവനായ ഹാങ്ക് എന്ന നീരാളിയെ പരിചയപ്പെട്ടു. ഡോറിയെ ക്ലെവ് ലാൻഡിലെ അക്വേറിയത്തിലേക്ക് മാറ്റുമെന്ന സൂചന അവളുടെ ടാഗിൽ നിന്ന് അവർ മനസ്സിലാക്കി.

സമുദ്രത്തിലെ പ്രക്ഷുബ്ധമായ ജീവിതം ആ നീരാളിക്ക് വളരെയേറെ മടുത്തിരുന്നു. അതിനാൽ തിരികെ കടലിലേക്ക് മടങ്ങാൻ ഹാങ്ക് ആഗ്രഹിച്ചില്ല. അക്വേറിയത്തിലെ സ്വസ്ഥമായ ജീവിതമാണ് നീ





## കിവി

കിവി എന്ന പക്ഷിയുടെ നാസാദ്വാരം സ്ഥിതി ചെയ്യുന്നത് കൊക്കിന്റെ അഗ്ര ഭാഗത്താണ്.

രാളി ആഗ്രഹിച്ചത്. ഡോറിയെ സഹായിക്കാമെന്ന് ഹാങ്ക് ഉറപ്പു നൽകി. അതിനായി ഡോറിയുടെ ടാഗ് ഹാങ്ക് കരസ്ഥമാക്കി.

ആകസ്മികമായി ഡോറി തന്റെ കുട്ടിക്കാലത്തെ ചങ്ങാതിയായ ഡെസ്റ്റിനി എന്ന തിമിംഗല സ്രാവിനെ കണ്ടുമുട്ടി. ഡെസ്റ്റിനിയുമായുള്ള സംഭാഷണത്തിനിടയിൽ ഡോറിക്ക് പഴയ കാലം വീണ്ടും ഓർമ്മ വന്നു.

തന്റെ മാതാപിതാക്കളെ പറ്റി ഓർത്തെടുത്ത ഡോറി വളരെയേറെ ദുഃഖിതയായി. തന്നെ സന്തോഷിപ്പിക്കുവാനായി തന്റെ അമ്മ ചിപ്പികൾ ശേഖരിച്ചതും അതിനിടയിൽ അമ്മ അപകടത്തിൽപ്പെട്ടതും ഡോറിക്ക് ഓർമ്മ വന്നു.

മാർലിനും നിമോയും ഡോറിയെ രക്ഷിക്കു





വാനുള്ള പരിശ്രമം തുടർന്നു. ചില കടൽ ജീവികളുടെ സഹായത്തോടെ അവരിരുവരും ഇൻസ്റ്റിറ്റ്യൂട്ടിനുള്ളിൽ കടന്നുകൂടി.

അതേ സമയം ഡോറിയുടെ അച്ഛനും അമ്മയും വളരെക്കാലം മുമ്പു തന്നെ ഡോറിയെ തേടി പുറപ്പെട്ടു പോയതായും ഇതുവരെ അവർ മടങ്ങിയെത്തിയിട്ടില്ലെന്നും മറ്റ് അന്തേവാസികൾ ഡോറിയോട് വെളിപ്പെടുത്തി. തന്റെ മാതാപിതാക്കൾ മരിച്ചു പോയതായി ഡോറി കരുതി.

ഹാങ്ക്, ഡോറിയെ വീണ്ടെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു ജീവനക്കാരന്റെ അശ്രദ്ധയാൽ അവൾ കടലിലേക്ക് ഒഴുകിപ്പോയി. ലക്ഷ്യബോധമില്ലാതെ വിഷണ്ണയായി അലഞ്ഞ ഡോറി ഒരുകൂട്ടം ചിപ്പികൾ നിരനിരയായി സജ്ജീകരിച്ചിരിക്കുന്നത് കണ്ടെത്തി.

**മാതാപിതാക്കളെ കണ്ടെത്തുന്ന ഡോറി**

പെട്ടെന്ന് അവൾക്ക് പഴയ കാലം വീണ്ടും ഓർമ്മ വന്നു. പണ്ട് തന്റെ അച്ഛനും അമ്മയും തനിക്കായി ഇത്തരത്തിൽ ചിപ്പികൾ നിരത്തിയത് ഓർത്തെടുത്ത അവൾ വളരെ പ്രതീക്ഷയോടെ മുന്നോട്ടു നീന്തി.

ഒരൊഴിഞ്ഞ വാസസ്ഥാനത്തെത്തിയ അവൾ ആരെയും കാണാത്തതിനാൽ നിരാശയായി മടങ്ങാനൊരുങ്ങി. എന്നാൽ കുറച്ചു ദൂരെയായി ഡോറിയുടെ മാതാപിതാക്കളായ ജെന്നിയേയും ചാർലിയേയും കണ്ട് അവൾക്ക് സന്തോഷമടക്കാനായില്ല.

മകളെ തേടി ഇത്രനാളും തങ്ങൾ ഇത്തരത്തിൽ ചിപ്പികൾ ഒരുക്കുകയായിരുന്നു എന്ന് അവർ പറഞ്ഞു. ഒരു നാൾ തങ്ങളുടെ പുത്രി തങ്ങളെ തേടി വരുമെന്ന് ഉറച്ചു വിശ്വസിച്ചിരുന്നതായും ആ പാവം അച്ഛനും അമ്മയും വെളിപ്പെടുത്തി.

അങ്ങനെ അവരുടെ ചിരകാല സ്വപ്നം പൂവണിഞ്ഞു. സ്നേഹിക്കുന്നവരുടെ കൂടിച്ചേരലിന്റെ ആഹ്ലാദം അവിടെയെങ്ങും അലയടിച്ചു.

അതേസമയം, നമ്മുടെ മറ്റ് കഥാപാത്രങ്ങളായ നിമോയും മാർലിനും ഹാങ്കും ക്ലെവ് ലാൻഡിലെ അക്വേറിയത്തിലേക്ക് കടൽ ജീവികളെ കടത്തുന്ന ട്രക്കിൽ അകപ്പെട്ടു കഴിഞ്ഞിരുന്നു. ഇതിനോടകം വീരനായികയായി മാറിയ ഡോറി തന്റെ മറ്റ് സുഹൃത്തുക്കൾക്കൊപ്പം ട്രക്കിൽ കയറിപ്പറ്റി. തന്നോടൊപ്പം കടലിലേക്ക് മടങ്ങാൻ ഹാങ്കിനെ അവൾ നിർബന്ധിച്ചു.

**ചിത്രത്തിന്റെ ശുഭപര്യവസാനം**

തുടർന്ന് അവർ ട്രക്ക് തട്ടിയെടുത്ത് ഹൈവേയിൽ കുഴപ്പങ്ങൾ സൃഷ്ടിച്ചു. കടലിലേക്ക് പാഞ്ഞു വീണ ട്രക്കിൽ നിന്ന് അതിനുള്ളിലെ ജീവികളെല്ലാം സ്വതന്ത്രരായി. സന്തോഷവതിയായ ഡോറി തന്റെ അച്ഛൻ, അമ്മ, ഹാങ്ക് എന്നിവർക്കൊപ്പം നിമോയുടെയും മാർലിന്റെയും വാസസ്ഥലത്ത് സസുഖം താമസിച്ചു.

✦